(സി) കാസർഗോഡ് ജില്ലയിൽ കിൻഫ്ര സ്ഥാപിച്ചിട്ടുള്ള വ്യവസായ പാർക്ക് 278 ഏക്കർ ഭൂമിയിലാണ്. ഇവയെല്ലാം തന്നെ നവംബർ 2012 വരെയുള്ള കാലയളയിൽ 90 വർഷത്തെ പാട്ടവ്യവസ്ഥയിലും അതിനുശേഷം 30 വർഷത്തെ പാട്ടവ്യവസ്ഥയിലുമാണ് നൽകിയിട്ടുള്ളത്. പ്രസ്തുത വ്യവസായ പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുള്ള വ്യവസായ സംരംഭകരുടെ പേരും അലോട്ട് ചെയ്തിട്ടുള്ള ഭൂമിയുടെ കണക്കും അനുബന്ധം ആയി ചേർത്തിരിക്കുന്നു.* ലീസിന് ഭൂമി ഏറ്റെടുക്കുകയും എന്നാൽ ഇനിയും വ്യവസായങ്ങൾ തുടങ്ങാതിരിക്കുകയും ചെയ്തിട്ടുള്ള വ്യവസായ സംരംഭകരുടെ വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

## ചെറുകിട വ്യവസായങ്ങൾ

208 (575) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) കൂടുതൽ വ്യവസായ നിക്ഷേപം ലഭ്യമാക്കുന്നതിന് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ രംഗത്ത് എത്ര ശതമാനം നിക്ഷേപം വർദ്ധിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) ഈ നിക്ഷേപ വർദ്ധനവ് ഏതെല്ലാം മേഖലയിലാണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ&ബി) സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനുംവേണ്ടി സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ്. അഥവാ എന്റർപ്രിണർ സപ്പോർട്ട് സ്കീം) വഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതു മുതൽ പദ്ധതി പ്രവൃത്തി പഥത്തിൽ എത്തുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ അവർക്കാവശ്യമായ വിദഗ്ദ്ധ ഉപദേശം ഉൾപ്പെടെയുള്ള സേവനങ്ങളും നൽകിവരുന്നു. ഇത്തരം പദ്ധതികളിലെ സംരംഭക നിക്ഷേപങ്ങൾക്ക് ഒറ്റത്തവണയായുള്ള സഹായവും സബ്സിഡിയായി വ്യവസായ വകുപ്പുവഴി സംരംഭകർക്ക് നൽകിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ സംരംഭകർക്ക് ചുരുങ്ങിയ ചെലവിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന്റെ ഭാഗമായി വ്യവസായ-വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ വ്യവസായ വികസന ഏരിയ/പ്ലോട്ട്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(i) Development Area/Development Plot-38 എണ്ണം.

(ii) Functional Industrial Estate-02 എണ്ണം

(iii) Mini Industrial Estate-85 എണ്ണം

കേരളത്തിൽ ഇപ്പോൾ നിലവിലുള്ള Development Area/Development Plot-കളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെയും അതുവഴി മെച്ചപ്പെട്ട ഉൽപ്പാദനം ലഭ്യമാക്കുന്നതിന്റെയും ഭാഗമായി നിലവിലുള്ള Development Area/Development Plot വിപുലമായ നവീകരണം ലക്ഷ്യമിട്ടു കൊണ്ട് താഴെപ്പറയുന്ന അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി പരമാവധി 10 കോടി രൂപ മുതൽമുടക്കിൽ നടപ്പിലാക്കുന്ന പദ്ധതികളാണ് MSE-CDP-യിൻ കീഴിൽ ഉൾപ്പെട്ടുത്തിയിരിക്കുന്നത്.

റോഡുകൾ, ഖരദ്രവ്യ മാലിന്യനിർമ്മാർജ്ജനം, പൊതു സൗകര്യ കേന്ദ്രങ്ങൾ, ബാങ്ക് എ.റ്റി.എം., തപാൽ സൗകര്യങ്ങൾ, ഫുഡ് കോർട്ട്, പവർ, വാട്ടർ സപ്ലൈ, കാന്റീൻ, സൈനേജ് ബോർഡ്, ട്രെയിനിംഗ് സെന്റേഴ്സ് തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെട്ടുത്തിയിരിക്കുന്നു.

ഈ പദ്ധതിയിൻ കീഴിൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്, തിരുവനന്തപുരം ജില്ലയിലെ കൊച്ചുവേളി, കോട്ടയം ജില്ലയിലെ പൂവൻതുരുത്ത്, അത്താണി, വരവൂർ (തൃശ്ശൂർ), എടയാർ (എറണാകുളം), താമരശ്ശേരി (കോഴിക്കോട്), അരൂർ (ആലപ്പുഴ), അനന്തപുരം (കാസർഗോഡ്) എന്നീ 9 Development Area/Development Plot-കളുടെ നവീകരണത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സഹായത്തോടുകൂടിയാണ് MSE-CDP പദ്ധതിയിൻകീഴിൽ പ്രോജക്ടുകൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നത്.

നിലവിലുള്ള Development Plot-കളുടെ റോഡുകൾ, Culvert drainage power, Water supply തുടങ്ങിയ അടിസ്ഥാന സൗകര്യവികസനത്തിനായി 70:30 അനുപാതത്തിൽ സർക്കാരും വ്യവസായ അസോസിയേഷനും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതികളും നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ല വ്യവസായ ആവശ്യത്തിന് കേരളത്തിൽ സ്ഥലം ലഭിക്കുന്നതിന് വളരെ ബുദ്ധിമുട്ടുകളുള്ള സാഹചര്യത്തിലാണ് നിലവിലുള്ള എസ്റ്റേറ്റുകളിൽ സ്ഥലം ലഭ്യമാകുന്നിടത്ത് ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇതിൽ എറണാകുളം ജില്ലയിലെ എടയാറിൽ 3 നിലയിലുള്ള വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു. തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ പാടത്ത് സ്ഥാപിക്കുന്ന ബഹുനിലവ്യവസായ എസ്റ്റേറ്റിന്റെ പണികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ, പുതുശ്ശേരി, തിരുവനന്തപുരം ജില്ലിയിലെ കൊച്ചുവേളി, മലപ്പുറം ജില്ലയിലെ മഞ്ചേരി എന്നിവിടങ്ങളിൽ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, ബാംബൂഫെസ്റ്റ്, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികളും നടത്തിവരുന്നു. ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന-വിപണനമേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി/ ബ്ലോക്ക്/ താലൂക്ക്/ മുനിസിപ്പാലിറ്റി/ ജില്ലാതലങ്ങളിൽ നടത്തിവരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ് മീറ്റ്, എമർജിംഗ് കേരള തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്തുന്നതിനും സാധിച്ചു. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് (എസ്.ഡബ്ല്യു.സി.ബി.) പ്രവർത്തിച്ചു വരുന്നു.

കൂടാതെ ബി.എൽ.ബി.സി., എസ്.എൽ.ബി.സി. മുതലായ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിച്ചുവരുന്നു.

സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി മികച്ച പ്രവർത്തനം നടത്തുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവാർഡുകൾ വർഷംതോറും നൽകിവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചിട്ടുള്ള യൂണിറ്റുകളുടെ വിവരം ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ Entrepreneurship Memorandum Part-II സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത യൂണിറ്റുകളുടെ വർഷം തിരിച്ചുള്ള നിക്ഷേപം (Investment) സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

| വർഷം | Entrepreneurship Memorandum Part-II ഫയൽ ചെയ്ത യൂണിറ്റുകളുടെ എണ്ണം | നിക്ഷേപം (രൂപ കോടിയിൽ) |
|---|---|---|
| 2011-12 | 10389 | 1695.3 |
| 2012-13 | 13051 | 2392.97 |
| 2013-14 | 14997 | 2224.13 |
| 2014-15 | 15455 | 2392.68 |
| 2015-16 (ഒക്ടോബർ 31 വരെ) | 7544 | 1739.83 |

(ഡി) ഭക്ഷ്യം, തുകൽ, റബ്ബർ & പ്ലാസ്റ്റിക്, പുകയില, ടെക്സ്റ്റൈൽസ്, ഇലക്ട്രിക്കൽ, മെഷിനറി, പേപ്പർ, തടിയും തടി ഉൽപ്പന്നങ്ങളും തുടങ്ങിയ വിവിധ സെക്ടറുകളിലായി നിക്ഷേപ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## വ്യവസായ സ്ഥാപനങ്ങളുടെ അവസ്ഥ

209 (576) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടി എന്ന് വ്യക്തമാക്കുമോ ;

(ബി) 1-7-2011 മുതൽ 31-10-2015 വരെയുള്ള കാലയളവിൽ പൂട്ടിക്കിടന്നിരുന്ന വ്യവസായ സ്ഥാപനങ്ങളുടെ കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(സി) പാലക്കാട് ജില്ലയിലെ പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ എന്തെല്ലാം ; ഓരോ വ്യവസായ സ്ഥാപനത്തിന്റേയും വികസനത്തിനായി എത്ര തുക അനുവദിച്ചു എന്നതിന്റെ 1-7-2006 മുതൽ 31-10-2015 വരെയുള്ള കണക്ക് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

### ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly